

# നന്തിക്കര സെന്റ് മേരീസ് ഇടവക

കുറുമാലിപ്പുഴയുടെ തെക്കെ തീരത്ത് നാഷണൽ ഹൈവേ 47-ന്റെ ഇരുവശത്തുമായി കിടക്കുന്നതും നാനാജാതി മതസ്തർ തിങ്ങിപ്പാർക്കുന്നതുമായ ഒരു ചെറിയ ഗ്രാമമാണ് നന്തിക്കര. ഇരിങ്ങാലക്കുട രൂപതയുടെ വടക്ക് കിഴക്കേ അതിർത്തിയുമാണിത്.

## പള്ളിയുടെ തുടക്കം

നന്തിക്കരയിലെ ക്രൈസ്തവ സമുദായം ഒരു കപ്പേള സ്ഥാപിച്ച് അതിൽ പരിശുദ്ധ ദൈവമാതാവിന്റെ ഒരു രൂപം പ്രതിഷ്ഠിച്ചു. പ്രാർത്ഥന, മാതാവിന്റെ വണക്കമാസം, വണക്കമാസ തിരുന്നാൾ എന്നിവ അവിടെ നടത്തിവന്നിരുന്നു. ഒരു പള്ളി സ്ഥാപിക്കുന്നതിനുള്ള പരിശ്രമം മറ്റു മതസ്തരുടെ ശക്തമായ എതിർപ്പുമൂലം ആദ്യം ഫലവത്തായില്ല. ഒടുവിൽ 1948-ൽ പള്ളിക്കുവേണ്ടി 30 സെന്റ് സ്ഥലം ചിറയത്ത്മംഗലം ആഗസ്തി ലോനപ്പൻ ദാനമായി നല്കി. പള്ളി പണിയുന്നതിന് അന്നത്തെ തൃശ്ശൂർ മെത്രാൻ റൈറ്റ് റവ. ഡോ. ജോർജ്ജ് ആലപ്പാട്ട് തിരുമനസ്സിലെ 22.3.1948-ലെ 391/48-ാം നമ്പർ കല്പന പ്രകാരം അനുവാദം കിട്ടിയതിനെ തുടർന്ന് തിരുകൊച്ചി ഗവണ്മെന്റിന്റെ 18.12.1949 ജി.പി.ആർ.ഡി. 7398/49-ാം നമ്പർ ഓർഡർ പ്രകാരം സിമിത്തേരി കൂടാതെ പള്ളിക്ക് മാത്രമുള്ള അനുവാദം ലഭിച്ചു. 1950 ജനുവരി 1-ന് തൃശ്ശൂർ മെത്രാൻ തിരുമനസ്സിലെ ഔദ്യോഗിക പ്രതിനിധിയായി പറപ്പൂക്കര വികാരി പെരിയ ബഹു. തോമസ് അടമ്പുകുളം, അസി. വികാരി ഫാ. ജോർജ്ജ് ചിറമ്മലിന്റെ സഹകരണത്തോടെ ശിലാസ്ഥാപനം നിർവ്വഹിച്ചു.

## വെഞ്ചിരിപ്പും പ്രഥമ ബലിയർപ്പണവും

പള്ളിപ്പണി എല്ലാവരുടേയും സഹകരണത്തോടെ 1952 ജനുവരിയിൽ ഒരുവിധം പൂർത്തിയാക്കി. 1952 ഫെബ്രുവരി 22-ാം തിയ്യതി അഭിവന്ദ്യമെത്രാൻ റൈറ്റ് റവ. ഡോ. ജോർജ്ജ് ആലപ്പാട്ട് തിരുമേനി വെഞ്ചിരിപ്പും പള്ളിയിൽ പ്രഥമ ബലിയർപ്പണവും നടത്തി. അക്കാലത്ത് ബഹു. പോൾ അരിക്കാട്ട് അച്ചനായിരുന്നു, പറപ്പൂക്കര വികാരി.

ബഹു. വൈദികരുടെ വിരളത കാരണം പറപ്പൂക്കര പള്ളിയിൽ നിന്ന് തിരുക്കർമ്മങ്ങൾ നടത്തിത്തരുന്നതിന് സാധിക്കാത്ത സാഹചര്യത്തിൽ തലോർ ആശ്രമത്തിൽ നിന്ന് വൈദികർ 9 വർഷം തിരുക്കർമ്മങ്ങൾ നടത്തുകയുണ്ടായി.

പിന്നീട് ആശ്രമത്തിലെ വൈദികരുടെ അംഗപരിമിതി മൂലം പുതുക്കാട് പള്ളി വികാരിമാരാണ് മൂന്ന് വർഷം ഇവിടെ തിരുക്കർമ്മങ്ങൾ നടത്തിയത്.

1963-ൽ നെല്ലായി പള്ളിയെ ഇടവകയായി ഉയർത്തിയതോടുകൂടി ഈ പള്ളിയിലെ തിരുക്കർമ്മ ങ്ങൾ നടത്തുന്നതിന് നെല്ലായി പള്ളി വികാരിയെ ഏല്പിച്ചുകൊണ്ട് ബിഷപ്പ് ഉത്തരവായി.

## സിമിത്തേരി

ഇതിനിടയിൽ സിമിത്തേരിക്കുള്ള ശ്രമം തുടർന്നുകൊണ്ടിരുന്നു. പള്ളിയുടെ സ്ഥലപരിധി ക്കുള്ളിൽ സ്ഥിതിചെയ്തിരുന്ന നെൽവയലിൽ മണ്ണ് എടുത്ത് കുഴിയായിക്കിടന്ന 37 സെന്റ് ഭൂമി വാങ്ങിയ ശേഷം അപേക്ഷ നൽകി. കടുത്ത എതിർപ്പിന്റെ ഇടയിൽ തൃശ്ശൂർ ജില്ലാ കളക്ടറുടെ 21.7.1971-ൽ CA 946/71-ാം നമ്പർ ഉത്തരവ് പ്രകാരം സിമിത്തേ രിക്കുള്ള അനുവാദം ലഭിച്ചു. പക്ഷേ, പെട്ടെന്നാണ് തടസ്സം നേരിട്ടത്. എൻ.എച്ച്. 47 വീതികൂട്ടുന്നതി നും പുതിയതായി കുറുമാലി പാലം പണിയുന്നതി നുവേണ്ടി മറ്റൊരു റോഡ് ആവശ്യമായി വന്നു. സിമിത്തേരിക്കുവേണ്ടി വാങ്ങിയ സ്ഥലത്തിൽ നിന്ന് 25½ സെന്റ് ഭൂമി റോഡുവികസത്തിനായി വിട്ടുകൊടുക്കേണ്ടിവന്നു. ബാക്കി സ്ഥലത്ത് പൊതു ജനങ്ങളിൽ നിന്ന് സംഭാവനയായി ലഭിച്ച 6000 രൂപ കൊണ്ട് ഒരു സിമിത്തേരി നിർമ്മിച്ചു. 1972 മാർച്ച് 21-ാം തിയ്യതി പറപ്പൂക്കര വികാരി റവ. ഫാ. ജെയ്ക്കബ് ചാലക്കൽ സിമിത്തേരിയുടെ വെഞ്ചിരിപ്പുകർമ്മം നിർവ്വഹിച്ചു.

## സ്വതന്ത്ര ഇടവക

അഭിവന്ദ്യ തൃശ്ശൂർ മെത്രാനച്ചൻ തിരുമന സ്സിലെ DL3/72 Dt. 6.5.72 നമ്പർ കല്പന പ്രകാരം 1972 മെയ് 25-ന് ഈ പള്ളിയെ സ്വതന്ത്ര ഇടവകയായി ഉയർത്തി. പള്ളിയുടെ പ്രഥമ വികാരിയായി റവ. ഫാ. ജോസഫ് ഇളങ്കുന്നപ്പുഴ നിയമിതനായി.

## വൈദികമന്ദിരം

സ്വതന്ത്ര ഇടവകയായെങ്കിലും ഒരു വികാ രിയെ ഈ ഇടവകയുടെ മുഴുവൻ ചുമതല യോടെ നിയമിക്കുകയുണ്ടായില്ല. അതിനാദ്യമായി പള്ളിയിൽ അച്ചന് താമസസൗകര്യമാണുണ്ടാക്കേ ണ്ടതെന്ന് മനസ്സിലായതോടെ പള്ളിയുടെ പിൻ ഭാഗത്ത് തെക്കുവടക്കായി മൂന്ന് മുറിയടക്കം ഒരു ഹാൾ പണിയുവാൻ 1977 ജനുവരി 30-ന് പള്ളി യോഗത്തിൽ തീരുമാനിച്ചു. സിൽവർ ജൂബിലി ബിൽഡിങ്ങെന്നാണ് ഈ കെട്ടിടത്തിന് യോഗം പേര് നിശ്ചയിച്ചത്. 1978-ൽ ഇരിങ്ങാലക്കുട രൂപത നിലവിൽവന്നു.

## പള്ളി പുനർനിർമ്മാണം

പിന്നീട് 18.5.80-ലെ പൊതുയോഗ നിശ്ചയ പ്രകാരം മെത്രാൻതിരുമേനിയെ നേരിട്ട് കണ്ട് പള്ളി കെട്ടിടത്തിന്റെ ജീർണ്ണാവസ്ഥ ബോധ്യപ്പെ ടുത്തണമെന്ന് തീരുമാനിച്ചു. അപ്രകാരം ബിഷ പ്പിനെ നേരിട്ട് കണ്ട് നിവേദനം സമർപ്പിച്ചതിന്റെ ഫലമായി പള്ളി പുനർനിർമ്മാണത്തിന് അനുവാ ദവും പ്രസ്തുത ആവശ്യത്തിന് പൊതുജനങ്ങളിൽ നിന്ന് സംഭാവന സ്വീകരിക്കുന്നതിനുള്ള അനുമതി യും നല്കി. 6.7.1980-ൽ രൂപത മെത്രാൻ റൈറ്റ് റവ. ഡോ. ജെയിംസ് പഴയാറ്റിൽ തിരുമേനി പുനർനിർമ്മാണത്തിനുള്ള ശിലാസ്ഥാപനം നടത്തിയതോടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു. മെത്രാൻ തിരുമനസ്സുവഴി 157432.52 രൂപ മിസ്റ്റർ ഡൊണാൾഡ് കൊഗ്ലസ് എന്ന മാന്യ ദ്ദേഹം സംഭാവന നല്കി. അദ്ദേഹത്തിന്റെ അമ്മ മിസ്സിസ് ലൗവീന കുഫ്മാനുവേണ്ടി പ്രാർത്ഥിക്കണ മെന്ന് അപേക്ഷിക്കുന്ന ഒരു ശിലാഫലകം പള്ളിയുടെ പടിഞ്ഞാറെ ചുമരിൽ സ്ഥാപിച്ചിരിക്കുന്നത് കാണാം.

ദേവാലയ നിർമ്മാണം പൂർത്തീകരിച്ചത് ബഹു. പോൾ എ. അമ്പൂക്കൻ അച്ചന്റെ നേതൃത്വത്തി ലാണ്. 7.1.84-ൽ അഭിവന്ദ്യ ജെയിംസ് പഴയാറ്റിൽ



സെന്റ് ജോസഫ്സ് കപ്പേള



സെന്റ് ജോർജ്ജ് കപ്പേള



പഴയ പള്ളി

പിതാവ് പുതിയ പള്ളി വെഞ്ചിരിക്കുകയും ദിവ്യബലി യർപ്പിക്കുകയും ചെയ്തു. തൃശ്ശൂർ മെത്രാൻ റൈറ്റ് റവ. ഡോ. ജോസഫ് കുണ്ടുകുളം തിരുമേനി ചടങ്ങുകൾ ഉദ്ഘാടനം ചെയ്തു. പിന്നീടാണ് പള്ളിക്കുസമീപം പുതിയ കപ്പേള നിർമ്മിച്ചത്.

## സ്ഥിരവാസമുള്ള വികാരി

1999-ൽ ഈ ഇടവകയ്ക്ക് സ്ഥിരം വികാരിയായി ബഹു. വർഗ്ഗീസ് തെറ്റയിലച്ചൻ നിയമിതനായി. അദ്ദേ ഹത്തിന്റെ നേതൃത്വത്തിൽ മതബോധനഹാളിന്റെ നിർമ്മാണവും ദേവാലയ നവീകരണവും നടത്തി.